## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *79** **27.04.2017-ന് മറുപടിയ്ക്ക്**

## വനസംരക്ഷണത്തിന് നടപ്പാക്കിയ പദ്ധതികൾ

**ചോദ്യം**

ശ്രീ. വി.എസ്.ശിവകുമാർ
ശ്രീ. പി.ടി. തോമസ്
ശ്രീ. അൻവർ സാദത്ത്
ശ്രീ. കെ.സി.ജോസഫ്

**മറുപടി**

ശ്രീ. കെ. രാജു
(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ). | സംസ്ഥാനത്ത് വനസംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദീകരിക്കുമോ; | (എ) | വനസംരക്ഷണത്തിന് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. വനം അതിർത്തി സർവ്വേയും വനം സംരക്ഷണവും.<br>2. നാശോന്മുഖമായ വനപ്രദേശങ്ങളിൽ വനം വച്ചുപിടിപ്പിക്കലും ഔഷധസസ്യപരിപാലനവും.<br>3.തോട്ടങ്ങളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കൽ.<br>4.അടിസ്ഥാന സൗകര്യ വികസനം.<br>5.ജൈവവൈവിധ്യ സംരക്ഷണവും സംരക്ഷിതപ്രദേശ പരിപാലനവും.<br>6.പരിസ്ഥിതി വികസന പരിപാടി.<br>7.ദേശീയ വനവൽക്കരണ പരിപാടി-ഹരിത ഇന്ത്യയ്ക്കായുള്ള ദേശീയ ദൗത്യം.<br>8.സംയോജിത വനസംരക്ഷണ പദ്ധതി.<br>9.പരിസ്ഥിതി വിനോദ സഞ്ചാരം.<br>10.മാനവശേഷി വികസനം.<br>11.വിഭവ ആസൂത്രണവും ഗവേഷണവും.<br>12.വനപരിപാലന വിവര സമ്പ്രദായവും ഭൗമ വിവര സാങ്കേതിക സംവിധാനവും.<br>13.എക്സ്റ്റൻഷൻ, കമ്മ്യൂണിറ്റി ഫോറസ്ട്രി, ആഗ്രോ ഫോറസ്ട്രി.<br>14.ഗ്രാമീണ അടിസ്ഥാന വികസന ഫണ്ടുപയോഗിച്ചുള്ള പദ്ധതികൾ.<br>15.മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ.<br>16.നീലഗിരി ബയോസ്പിയർ റിസർവ്വ് പദ്ധതി.<br>17.പ്രോജക്ട് എലിഫെന്റ് പദ്ധതി.<br>18.അഗസ്ത്യമല ബയോസ്പിയർ റിസർവ്വ് പദ്ധതി.<br>19.നീർത്തടഭൂമി സംരക്ഷണ പദ്ധതി.<br>20. വയനാട് വന്യജീവി സങ്കേതത്തിലെ |

| | | | |
|---|---|---|---|
| | | | ആവാസവ്യവസ്ഥയുടെ സംയോജിത വികസനം-വനത്തിനുള്ളിലെ കോളനികളിൽ നിന്നും സ്വയം സന്നദ്ധതാ ഒഴിഞ്ഞുപോകൽ പദ്ധതി. |
| (ബി) | ആരുടെയെല്ലാം സഹകരണത്തോടെയാണ് പുതിയ പദ്ധതികൾ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന സർക്കാർ ബഡ്ജറ്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം എന്നിവയ്ക്കു പുറമെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി), നബാർഡ്, തുടങ്ങിയവയുടെ സഹായത്തോട്ടുകൂടി പുതിയ പദ്ധതികൾ നടപ്പാക്കി വരുന്നു. |
| (സി) | മുൻ സർക്കാർ വനം സംരക്ഷണത്തിന് നടപ്പിലാക്കിയ ഏതെല്ലാം പദ്ധതികളാണ് തുടരുന്നതെന്ന് വിവരിക്കുമോ? | (സി) | വനസംരക്ഷണ പ്രവർത്തനങ്ങൾ എല്ലാം തന്നെ തുടർ പദ്ധതികളായതിനാൽ മുൻസർക്കാർ നടപ്പിലാക്കിയ<br>എല്ലാ പദ്ധതികളും തുടരുന്നുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ ജനപ്രതിനിധികൾ, തദ്ദേശ ഭരണസ്ഥാപനങ്ങൾ, വനാശ്രിതസമൂഹം എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്തി പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കിവരുന്നു. |

**സെക്ഷൻ ഓഫീസർ**